<u>ഭരണഭാഷ – മാതൃഭാഷ</u>

**അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം**
**(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം-33**
✆ 04712322136, ✉ addlecenfo.exc@kerala.gov.in,
✉ exenforcement@gmail.com

**EXCENF/260/2020/XJ3** തീയതി : 23.11.2020

# <u>സർക്കുലർ</u>

**വിഷയം:** എക്സൈസ് എൻഫോഴ്സ്മെന്റ് – കേരള തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പ് 2020 / ക്രിസ്തുമസ് – പുതുവത്സരാഘോഷം 2020–21 സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് 2020– **25.11.2020 മുതൽ 02.01.2021** വരെ – അബ്കാരി / എൻ.ഡി.പി.എസ്. മേഖലയിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പ് 2020 ക്രിസ്തുമസ് പുതുവത്സരാഘോഷം എന്നിവ ഡിസംബർ മാസത്തിൽ നടക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരെഞ്ഞെടുപ്പ് കാലയളവിൽ മദ്യം മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപനം കൂടാൻ സാദ്ധ്യതയുണ്ട്. അംഗീകൃത സ്രോതസ്സുകളിൽ നിന്നല്ലാതെ മദ്യം ജനങ്ങൾക്ക് ലഭ്യമാകുന്ന പ്രവണത ഇക്കാലത്ത് വർദ്ധിക്കുന്നു. ഇത് മുൻകൂട്ടി കണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തേണ്ടതാണ്. തെരെഞ്ഞെടുപ്പ് ദിവസങ്ങളിലും വോട്ടെണ്ണൽ ദിവസവും ഡ്രൈഡേ ആയിരിക്കുമെന്നതിനാൽ മദ്യം സംഭരിച്ചു വിതരണം ചെയ്യുന്നതിന് സാദ്ധ്യതയുണ്ട്. ലൈസൻസ് സ്ഥാപനങ്ങളിൽ നിന്ന് അനധികൃതമായി മദ്യം ശേഖരിക്കുന്നതിനും സാദ്ധ്യതയുണ്ട്. ഡിസ്റ്റിലറികൾ ഉൾപ്പെടെ എല്ലാ ലൈസൻസ് സ്ഥാപനങ്ങളും ഇക്കാലയളവിൽ കർശന നിരീക്ഷണത്തിൽ ആയിരിക്കണം. തെരെഞ്ഞെടുപ്പ് കാലയളവിൽ വോട്ടർമാരെ സ്വാധീനിക്കുന്നതിന് കോളനികളിലേയ്ക്കും മറ്റും മദ്യം അനധികൃതമായി വിതരണം ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത്തരം പ്രദേശങ്ങളും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അതേ സമയം തെരെഞ്ഞെടുപ്പ് കാലത്ത് വ്യാപകമായി വ്യാജ പരാതികൾ ഉണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാൻ കഴിയില്ല. തെരെഞ്ഞെടുപ്പ് കഴിയുന്നതോടെ ക്രിസ്തുമസ് – പുതുവത്സര ആഘോഷം ആരംഭിയ്ക്കും. ആഘോഷവേളയിലും മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ സംസ്ഥാനത്ത് <u>**25.11.2020 മുതൽ 02.01.2021 വരെ**</u> സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയിരിക്കും.

തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പ്, ക്രിസ്തുമസ് പുതുവത്സരാഘോഷ വേളകളിലും അതിനുമുമ്പും <u>വ്യാജ വാറ്റ്, വ്യാജമദ്യ വ്യാപനം,</u> സ്പിരിറ്റ് കടത്ത്, വ്യാജമദ്യ നിർമ്മാണം, ചാരായ നിർമ്മാണം, സ്പിരിറ്റ് ചാരായമായും നിറം കലർത്തി വിദേശമദ്യമായും ഉപയോഗിക്കൽ, കള്ളിൽ വീര്യവും അളവും